# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനം. 7629

23.07.2012-ൽ മറുപടിയ്ക്ക്

### പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്

| ചോദ്യം<br>ഡോ. കെ. ടി. ജലീൽ : | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ ഉള്ള ജീവനക്കാരുടെ എണ്ണത്തിൽ 15% കുറവ് വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ പി.എസ്.സി-യ്ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ എന്ത് കൊണ്ട്; വ്യക്തമാക്കാമോ ; | (എ) ഇല്ല. |
| (ബി) ധനകാര്യ വകുപ്പിന്റെ 21.6.2012 -ലെ 9581/Exp/A8/12/Fin. എന്ന നമ്പർ കത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ; | (ബി) ധനകാര്യ വകുപ്പിന്റെ 21.6.2012-ലെ 9581/Exp.A2/12/ഫിൻ നമ്പർ കുറിപ്പിന്റെ ഉള്ളടക്കം ചുവടെ ചേർക്കുന്നു:<br><br>"നിലവിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ 1,600 തസ്തികകൾ ഉണ്ട്. ഒരു വർഷം ഏകദേശം 15,000-ത്തോളം റിക്രൂട്ട്മെന്റുകളാണ് നടക്കുന്നത്. 15,000 പേരെ റിക്രൂട്ട് ചെയ്യുന്നതിന് 1,600 ഫുൾ ടൈം ജീവനക്കാരെക്കൂടാതെ ചോദ്യ-പ്പേപ്പർ തയ്യാറാക്കുന്നതിനും, മൂല്യ നിർണ്ണയനം നടത്തുന്നതിനുമായി വേറെയും ആളുകളെ ഏർപ്പെടുത്തി-യിട്ടുണ്ട്. പി.എസ്.സി.യിൽ 15 ശതമാന-ത്തോളം സ്റ്റാഫിനെ കുറയ്ക്കാൻ സാധിക്കും. |

......2)

ഈ സാഹചര്യത്തിൽ, അധിക തസ്തികകൾ കണ്ടെത്തുന്നതിനായി ഈ വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Empowered Committee മുൻപാകെ സമർപ്പിക്കണം''

ധനകാര്യവകുപ്പിന്റെ മേൽപ്പറഞ്ഞ നിർദ്ദേശം സർക്കാർ അംഗീകരിക്കു-കയോ, ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് നിലവിലുള്ള ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ